കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ആര്യാട് ബ്ലോക്ക് പഞ്ചായത്ത് - 2012-13 വർഷത്തിൽ തുല്യതാ തുടർ വിദ്യാഭ്യാസത്തിന് ചെലവഴിച്ച തുകയ്ക്ക് - സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(സാധാ).1888/16/തസ്വഭവ** **തിരുവനന്തപുരം, തീയതി, 09.06.2016**

---

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 19.09.2015 തീയതിയിലെ 10474/ഡിപി4/15/സിആർഡി നമ്പർ കത്ത്.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ ആര്യാട് ബ്ലോക്ക് പഞ്ചായത്ത് 2012-13-ൽ തുല്യതാ തുടർ വിദ്യാഭ്യാസത്തിന് ചെലവഴിച്ച 60,000/- രൂപയ്ക്ക് ഓഡിറ്റ് ഒബ്ജക്ഷൻ ഉള്ളതിനാൽ സാധൂകരണം ലഭ്യമാക്കണമെന്നും തുല്യതാ തുടർവിദ്യാഭ്യാസ പരിപാടി സംബന്ധിച്ച 10-ാം തരം തുല്യതാ പഠനവുമായി ബന്ധപ്പെട്ട് ഫീസ് ബ്ലോക്ക് പഞ്ചായത്തിന് ചെലവഴിക്കാമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലാണ് ടി പദ്ധതിയ്ക്ക് സാധൂകരണം ആവശ്യപ്പെട്ടിരിക്കുന്നതെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശ കത്തിലൂടെ അറിയിച്ചിരുന്നു. മത്സ്യ, കയർ മേഖലയിലെ തൊഴിലാളികളായ ദാരിദ്ര്യ ത്തിൽ കഴിയുന്ന ജനങ്ങൾ ആശ്രയിക്കുന്ന തുടർവിദ്യാഭ്യാസ പദ്ധതിയായ അതുല്യയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്ന് ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുമുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആര്യാട് ബ്ലോക്ക് പഞ്ചായത്ത് 2012-13-ൽ തുല്യതാ തുടർ വിദ്യാഭ്യാസത്തിന് ചെലവഴിച്ച 60,000/- രൂപയ്ക്ക് (അറുപതിനായിരം രൂപ) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**റ്റി.ജെ. ഉണ്ണികൃഷ്ണൻ**
ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, ആര്യാട്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ